അന്യസംസ്ഥാന തൊഴിലാളികൾ ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അവരെക്കുറിച്ചുള്ള വിവരങ്ങൾ തൊഴിലാളികളിൽ നിന്നോ തൊഴിൽ ദാതാവിൽ നിന്നോ ശേഖരിച്ച് പരിശോധിക്കാവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അത് പ്രകാരം അന്യസംസ്ഥാനങ്ങളിലെ തൊഴിലാളികളുടെ വിശദ വിവരങ്ങളടങ്ങിയ ഫോട്ടോ സഹിതമുള്ള ഒരു രജിസ്റ്റർ എല്ലാ പോലീസ് സ്റ്റേഷനിലും സൂക്ഷിച്ചുവരുന്നുണ്ട്. അവർ താമസിക്കുന്ന കെട്ടിടങ്ങളുടെ ഉടമകളെയും അവരുടെ തൊഴിലിനെക്കുറിച്ചും വിവരങ്ങൾ സൂക്ഷിക്കാറുണ്ട്. സംശയിക്കുന്നവരുടെ വിവരങ്ങൾ ബന്ധപ്പെട്ട സ്റ്റേഷനുകളിലേക്ക് അയച്ച് റിപ്പോർട്ട് വാങ്ങി അത്യാവശ്യഘട്ടങ്ങളിൽ ഫോട്ടോയും ഫിംഗർ പ്രിന്റും ശേഖരിച്ച് നിരീക്ഷണം നടത്തിവരികയാണ്. അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ തീവ്രവാദികളോ സാമൂഹ്യ വിരുദ്ധരോ കടന്നു വന്നിട്ടുണ്ടോയെന്ന് നിരീക്ഷിക്കുന്നതിലേക്ക് സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിലെ വിവിധ റെയിഞ്ച് പോലീസ് സൂപ്രണ്ടുമാർക്കും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ഹെഡ്ക്വാർട്ടേഴ്സിൽനിന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ അവരുടെ സംസ്ഥാനങ്ങളിൽ കുറ്റകൃത്യങ്ങളിൽപ്പെട്ടവരാണോയെന്ന് അറിയുന്നതിനുവേണ്ടി അതിർത്തി സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് ബോർഡർ കോൺഫറൻസ് നടത്തുന്ന സമ്പ്രദായം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള അന്യസംസ്ഥാനക്കാരെ കുറിച്ച് അതത് സംസ്ഥാനങ്ങളിലെ സീനിയർ ഉദ്യോഗസ്ഥന്മാർ വിവരങ്ങൾ കൈമാറാറുണ്ട്. ഇതിനുവേണ്ടി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ക്രൈംബ്രാഞ്ചുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഒരു പൊതു വെബ്സൈറ്റ് രൂപീകരിച്ച് ഇപ്പോൾ പ്രവർത്തിച്ചുവരികയാണ്. വളരെ പ്രധാനപ്പെട്ട ഒരു പരിഷ്കരണം വരുത്താൻ പോകുന്നത്, എൻ.സി.ആർ.ബി. ആവിഷ്കരിച്ചിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് സിസ്റ്റം സംസ്ഥാനത്ത് ആരംഭിക്കുകയാണ്. ഇതിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞാൽ ഇന്ത്യയിലെ ഏത് കുറ്റവാളികളുടെ വിവരങ്ങളും നിമിഷനേരംകൊണ്ട് കൈമാറുവാൻ സാധിക്കും. ബഹുമാനപ്പെട്ട ശിവദാസൻ നായർ ഉന്നയിച്ചിട്ടുള്ള ഈ പ്രശ്നം ഗൗരവതരമായി ഗവൺമെന്റ് പരിശോധിച്ചതാണ്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

(9) സെൻസസ്സ് മാർഗ്ഗരേഖ

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതേ വിഷയത്തെ സംബന്ധിച്ച് പ്രൊഫ. എൻ. ജയരാജും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരളത്തിലെ കർഷകരെ ഗുരുതരമായി ബാധിക്കുന്ന ചില പിശകുകളാണ് ഭാരത സെൻസസ്സ് 2011-ന്റെ മാർഗരേഖയിൽ 78-ാം പേജിൽ കടന്ന് കൂടിയിട്ടുള്ളത്. ക്ഷീരമേഖലയിൽ പണിയെടുക്കുന്നവരെ ക്ഷീരകർഷകരായി കണക്കാക്കിയിട്ടില്ല. തെങ്ങ്, കമുക്, റബ്ബർ, തേയില, കാപ്പി, ഇവയൊന്നും കൃഷിയുടെ ഗണത്തിൽപ്പെടുന്നില്ല. കപ്പ, ചേന, ചേമ്പ്, ഇവ കിഴങ്ങ് വർഗ്ഗത്തിൽപ്പെടുന്ന കൃഷിയായും പൈനാപ്പിൾ പഴവർഗ്ഗത്തിൽപ്പെടുന്ന കൃഷിയായും കണക്കാക്കിയിട്ടില്ല. സെൻസസ്സ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നൽകിയിട്ടുള്ള മാർഗ്ഗരേഖയിലാണ് ഈ പിശക് കാണാൻ കഴിഞ്ഞിട്ടുള്ളത്. ഫലത്തിൽ കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകർക്കും കർഷക

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്കും ദോഷകരമായി ബാധിക്കുന്ന പിശകുകളാണ് മാർഗ്ഗ രേഖയിലുള്ളത്. ഇടുക്കി ജില്ലയിലെ കർഷകർ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഇടുക്കി പാക്കേജിനെയും പ്രസ്തുത വ്യവസ്ഥകൾ പ്രതികൂലമായി ബാധിക്കും ഇവിടെ സെൻസസ് ആരംഭിച്ച് കഴിഞ്ഞിരിക്കുന്നു. അത് എത്രയും പെട്ടെന്ന് നിർത്തി വയ്ക്കുന്നതിനും ഈ മാർഗ്ഗരേഖയിലെ പിശകുകൾ തിരുത്തി കർഷ കരെയും കർഷക തൊഴിലാളികളെയും രക്ഷിക്കുന്നതിനും അടിയന്തരമായ ശ്രദ്ധയുണ്ടാകണം. കാർഷിക വിളകളെയും കർഷകരെയും ഉൾക്കൊള്ളിച്ചു കൊണ്ട് സെൻസസ്സ് മാനദണ്ഡങ്ങളിൽ അടിയന്തരമായി മാറ്റം വരുത്താൻ സംസ്ഥാന സർക്കാർ ശ്രദ്ധിക്കണം. ഇത് സഭയുടെ ഒരു പൊതുവായ വികാരമായി കാണാൻ കഴിയേണ്ട കാര്യമാണ്. ഈ സാഹചര്യത്തിൽ ഇതിന്റെ ഗൗരവം കണക്കിലെടുത്ത് കേരള കോൺഗ്രസ് പാർട്ടിയും കർഷക യൂണിയനും ഇന്ന് ജി.പി.ഒ. ഓഫീസ് പടിക്കൽ ധർണ്ണ നടത്തി വരികയാണെന്നുള്ള കാര്യം കൂടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പത്ത് വർഷത്തിലൊരിക്കൽ ഭാരതത്തിൽ നടത്തുന്ന ജനസംഖ്യാ കണക്കെടുപ്പിൽ കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയത്തിനുകീഴിലുള്ള രജിസ്ട്രേഷൻ ജനറലായ സെൻസസ്സ് കമ്മീഷണർ ഓഫ് ഇന്ത്യയുടെ മാർഗ്ഗ നിർദ്ദേശങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഓരോ സംസ്ഥാനത്തും ജനസംഖ്യാകണക്കെടുപ്പ് നടത്തുന്നതിന് ആവശ്യമായ ജീവനക്കാരുൾപ്പെടെ എല്ലാ സൗകര്യങ്ങളും നൽകുക എന്ന പരിമിതമായ ചുമതലയാണ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരുകൾ നിർവ്വഹിക്കുന്നത്. കണക്കെടുപ്പിനോടനുബന്ധിച്ച് തയ്യാറാക്കേണ്ട ചോദ്യാവലിയും അവയ്ക്ക് ആവശ്യമായ മാനദണ്ഡങ്ങളും നിശ്ചയിക്കുന്നത് രജിസ്ട്രാർ ജനറൽ തന്നെയാണ്. രാജ്യത്തെമ്പാടും ഉപയോഗിക്കുന്ന ഇത്തരത്തിലുള്ള ചോദ്യാവലികൾ ഓരോ തരത്തിലുള്ളവയാണ്. ഇത്തവണത്തെ സെൻസസ്സിന്റെ അവസാനഘട്ടം ഇതിനകം തന്നെ ആരംഭിച്ചു കഴിഞ്ഞു. ഇനി പുതുതായി എന്തെങ്കിലും ചോദ്യാവലികൾ ഉൾപ്പെടുത്തുവാൻ കഴിയുമോയെന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട എം.എൽ.എ. റോഷി അഗസ്റ്റിൻ ഉന്നയിച്ചിട്ടുള്ള വിഷയത്തിന്മേൽ കേന്ദ്രസർക്കാരിന്റെ സെൻസസ്സ് പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാനത്തെ പ്രതിനിധിയായ ഡയറക്ടർ ജനറൽ ഓഫ് സെൻസസ്സ് (ഓപ്പറേഷൻസ്) അറിയിച്ച വിവരങ്ങളാണ് ഞാൻ സഭയുടെ മുമ്പാകെ സമർപ്പിക്കുന്നത്. സെൻസസ്സ് മാർഗ്ഗരേഖയനുസരിച്ച് കൃഷിചെയ്യുന്ന വിളകളുടെ അടിസ്ഥാനത്തിലാണ് കർഷകരെയും കർഷക തൊഴിലാളികളെയും തരം തിരിച്ചിട്ടുള്ളത്. ഇതിൻപ്രകാരം തേയില, റബ്ബർ, നാളികേരം അടയ്ക്ക തുടങ്ങിയ തോട്ടവിളകളെ കാർഷിക വിളകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ വിളകൾ കൃഷിചെയ്യുന്ന കർഷകരെ കൃഷിക്കാരായി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നവരെയും ഈ രേഖപ്രകാരം കർഷകരായി പരിഗണിക്കുന്നില്ല. എന്നാൽ കിഴങ്ങുവർഗ്ഗ വിളകളായ മരിച്ചീനി, ചേന, മുതലായവ കൃഷി ചെയ്യുന്നവരെ കർഷകർ, കർഷക തൊഴിലാളികൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് തോട്ടവിള കർഷകരെയും അവരിലെ കർഷകത്തൊഴിലാളികളെയും

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീര മൃഗസംരക്ഷണ മേഖലയിലെ കർഷകരെയും തൊഴിലാളികളെയും ഇതര തൊഴിലാളി വിഭാഗങ്ങളിലാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. കർഷകരെയും കർഷകത്തൊഴിലാളികളെയും വർഗ്ഗീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ ഉന്നയിച്ചിട്ടുള്ള ഗൗരവകരമായ പ്രശ്നം ഇതിനകം രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ഈ പ്രശ്നത്തിൽ ഇതിനകം ഇടപെട്ട് കഴിഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ പാർട്ടി ഇന്ന് അത്തരത്തിലുള്ള ഒരു സമരം നടത്തുന്നത് വളരെ നല്ലൊരു കാര്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരായി കേരള കോൺഗ്രസിന് ശബ്ദിക്കാൻ സാധിക്കുന്ന ഒരു സാഹചര്യം വന്നതിൽ അതിയായ സന്തോഷം രേഖപ്പെടുത്തിക്കൊണ്ട് ഈ ഗൗരവകരമായ പ്രശ്നം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്.

(10) കിനാലൂർ എസ്റ്റേറ്റ്

ശ്രീ. യു. സി. രാമൻ: സർ, കൊച്ചിൻ മലബാർ എസ്റ്റേറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനിയിൻകീഴിലുള്ള കോഴിക്കോട് ജില്ലയിലെ 2400 ഏക്കർ വരുന്ന എസ്റ്റേറ്റ് സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് 2003-ൽ പബ്ലിക് ടെണ്ടർ വഴി പി.കെ.സി. അഹമ്മദ് കുട്ടി എന്ന ആൾക്ക് വിൽക്കുകയുണ്ടായി. ഈ വിൽപ്പനയോടനുബന്ധിച്ച് എസ്റ്റേറ്റിലെ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി തൊഴിലാളി യൂണിയൻ മാനേജുമെന്റുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ 103 സെന്റ് വീതം 560 തൊഴിലാളികൾക്ക് 600 ഏക്കർ റബ്ബർ മരങ്ങളുള്ള ഭൂമി പതിച്ചുനൽകുകയുണ്ടായി. കഴിഞ്ഞ ഒൻപത് വർഷമായി ഈ ഭൂമി 560 തൊഴിലാളി കുടുംബങ്ങൾ കൈവശം വച്ച് ആദായമെടുത്ത് ഉപജീവനം നടത്തിവരികയാണ്. തൊഴിലാളികളിൽ ഭൂരിപക്ഷം പേരും അവർക്ക് ലഭിച്ച ഭൂമിയിൽ വീടുവച്ച് താമസിച്ചുവരികയുമാണ്. ബാക്കിയുള്ള 1850 ഏക്കർ റബ്ബർ തോട്ടം 600 ഓളം കൃഷിക്കാർ വിലകൊടുത്ത് വാങ്ങി 2003 മുതൽ കൈവശം വച്ച് ആദായം എടുത്തുവരികയാണ്. എന്നാൽ, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിലൂടെ തൊഴിലാളികളും കൃഷിക്കാരും കൈവശം വച്ചു വന്ന ഭൂമി ഐഡന്റിഫൈ ചെയ്ത് കൈവശാവകാശം സംരക്ഷിച്ചിട്ടുണ്ട്. കമ്പനിയും ബിഡ്ഡറും തമ്മിലുള്ള തർക്കത്തിന്റെയും കോടതി നടപടികളുടെയും ഫലമായി ഭൂമിയുടെ ആധാരം ഇതുവരെയും രജിസ്റ്റർ ചെയ്തു നൽകിയിട്ടില്ല. കിനാലൂർ എസ്റ്റേറ്റിലെ 560 തൊഴിലാളി കുടുംബങ്ങളും അതോടൊപ്പം നാല് സെന്റ് മുതൽ 10 സെന്റ് വരെ കൈവശം വച്ചുവരുന്ന ആളുകൾ, വളരെ ചുരുങ്ങിയ ഒരു ഏക്കർ ഭൂമിയുള്ള ആളുകൾ ഇവരെല്ലാം വളരെ ബുദ്ധിമുട്ടുകയാണ്. മറ്റ് വരുമാന മാർഗ്ഗമൊന്നുമില്ലാത്ത ഇത്തരം ആളുകൾക്ക്, കൈവശം വച്ച ഭൂമിയിൽ നിന്നും ആദായമെടുത്ത് ജീവിക്കുന്ന തൊഴിലാളികൾക്ക് ഈ സാഹചര്യം പരിഗണിച്ച് അവരുടെ സ്ഥലം രജിസ്റ്റർ ചെയ്ത് നൽകുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടുവാനുള്ളത്. അതോടൊപ്പം ഈ എസ്റ്റേറ്റ് ഭൂമി സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പത്രങ്ങളിലൂടെ വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. ഏറ്റെടുക്കുന്നതിന് ആരും എതിരല്ല. മറിച്ച്, കാൾ കൊടുത്ത് ഭൂമി വാങ്ങിയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly